# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4826 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **അമൃത് പദ്ധതി** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.എ. പ്രദീപ്കുമാർ** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | അമൃത് പദ്ധതി പ്രകാരം കോഴിക്കോട് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അമൃത് പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനിൽ വാട്ടർ സപ്ലൈ, സ്വിവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മന്റ്, സ്റ്റോം വാട്ടർ ഡ്രയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായി 284.64 കോടി രൂപയുടെ 50 പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br><br>**വാട്ടർ സപ്ലൈ സെക്ടർ**<br><br>96.32 കോടി രൂപയുടെ 28 പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 27 പദ്ധതികളുടെ പണി ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും 7 പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**സ്വിവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മന്റ് സെക്ടർ**<br><br>130.60 കോടി രൂപയുടെ 3 പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരികയാണ്.<br><br>**സ്റ്റോം വാട്ടർ ഡ്രൈനേജ് സെക്ടർ**<br><br>41.43 കോടി രൂപയുടെ 10 പദ്ധതികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്.<br><br>**അർബൻ ട്രാൻസ്പോർട്ട് സെക്ടർ**<br><br>11.35 കോടി രൂപയുടെ 1 പദ്ധതിക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പദ്ധതി ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് കെ എം ആർ എൽ മുഖേന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | <u>പാർക്ക് സെക്ടർ</u><br><br>4.92 കോടി രൂപയുടെ 8 പദ്ധതികൾക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്. പദ്ധതികളെല്ലാം തന്നെ ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്ത് പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ? | (ബി) | അമൃത് പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനിൽ വാട്ടർ സപ്ലൈ, സിവറേജ് ആൻഡ് സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രൈനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായി 284.64 കോടി രൂപയാണ് ചെലവഴിക്കുന്നത്. വാട്ടർ സപ്ലൈ സെക്ടറിലെ പദ്ധതികൾ പൂർണമായും വാട്ടർ അതോറിറ്റി മുഖേനയും അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പദ്ധതി കെ എം ആർ എൽ മുഖേനയും മറ്റു സെക്ടറിലെ പദ്ധതികൾ നഗരസഭാ മുഖേനയുമാണ് നടപ്പിലാക്കുന്നത്. നഗരസഭാ എൻജിനീയറിങ് വിങ്ങിനെ സഹായിക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ 2 എൻജിനീയർമാരെയും 4 ഓവർസീയർമാരെയും നിയമിച്ച് പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ